# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2252 – 07/02/2019-ലെ മറുപടിക്ക്

### സാമ്പത്തിക വളർച്ച

**ചോദ്യം** **ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. വി.ഡി.സതീശൻ
ശ്രീ. പി.ടി. തോമസ് :

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | 2017-18 സാമ്പത്തിക വർഷത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ കേരളം ഏറെ പിന്നിലാണ് എന്ന് ക്രിസിൽ ഏജൻസി നടത്തിയ പഠനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2018-ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം 2016-17 ൽ 6.22 ശതമാനം (സ്ഥിരവിലയിൽ, അടിസ്ഥാന വർഷം 2011-12) വളർച്ചാ നിരക്കായിരുന്നത് 2017-18 ലെ സാമ്പത്തിക വർഷത്തിൽ 7.18 ശതമാനമായി (സ്ഥിരവിലയിൽ, അടിസ്ഥാന വർഷം 2011-12) വർദ്ധിച്ചിട്ടുണ്ട്. |
| ബി | സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പിന്നിലാകാൻ ഉണ്ടായ കാരണങ്ങൾ വിശദമാക്കാമോ; | |
| സി | കാലാകാലങ്ങളിൽ മാനവ വികസന സൂചികയിൽ ഏറെ മുന്നിലുള്ള സംസ്ഥാനത്തെ സാമ്പത്തിക വളർച്ച നിരക്ക് കുറഞ്ഞു വരുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് അറിയിക്കാമോ? | കൃഷി, വ്യവസായം, വിവരസാങ്കേതിക വിദ്യ എന്നീ മേഖലകളിൽ ഗണ്യമായ വിഹിതം 2019-20 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനോടൊപ്പം സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും മുൻഗണന നൽകുന്നതിലൂടെ സാമ്പത്തിക വളർച്ചയ്ക്ക് സഹായകരമാകും എന്നു കരുതുന്നു. കൂടാതെ വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലും ഓരോ വാർഷിക ബഡ്ജറ്റിലും സംസ്ഥാന സർക്കാർ ഗണ്യമായ വിഹിതം ഉൾപ്പെടുത്തിയിട്ടുണ്ട്. ബജറ്റിനു പുറത്ത് KIIFB മുഖാന്തിരം പശ്ചാത്തല സൗകര്യ സൃഷ്ടിയ്ക്കായി നടത്തുന്ന മുതൽമുടക്ക് സമ്പദ്ഘടനയുടെ ഉത്തേജനത്തിനും വളർച്ചയ്ക്കും വലിയ തോതിൽ സഹായകരമാണ്. |

സെക്ഷൻ ഓഫീസർ